പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **3551** **10. 04. 2013-** ലെ മറുപടി

**അറേബ്യൻ രാജ്യങ്ങളിലെ സ്വദേശിവൽക്കരണംമൂലം തൊഴിൽ നഷ്ടപ്പെടുന്നവരുടെ വിശദാംശം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) അറേബ്യൻ രാജ്യങ്ങളിലെ ഓരോ രാജ്യത്തും എത്ര മലയാളികൾ തൊഴിലെടുക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;<br><br>(ബി)എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ; | (എ & ബി) തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ കേരള മൈഗ്രേഷൻ മോണിറ്ററിംഗ് സർവ്വേ 2011 പ്രകാരം അറബ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ എണ്ണം താഴെ പറയും പ്രകാരമാണ്. |

| രാജ്യങ്ങൾ(പ്രദേശം) | പ്രവാസി മലയാളികൾ |
|---|---|
| യു. എ. ഇ. | 883313 |
| സൗദി അറേബ്യ | 574739 |
| ഒമാൻ | 195300 |
| കുവൈറ്റ് | 127782 |
| ബഹ്റൈൻ | 101556 |
| ഖത്തർ | 148427 |
| മറ്റ് പശ്ചിമേഷ്യൻ രാജ്യങ്ങൾ | 6696 |

| ചോദ്യം | ഉത്തരം |
|---|---|
| (സി) സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം ശക്തമായതുവഴി സംസ്ഥാനത്തെ എത്ര മലയാളികൾക്ക് തൊഴിൽ നഷ്ടമാകുമെന്ന് വെളിപ്പെടുത്താമോ; | (സി, ഡി & ഇ) സൌദി അറേബ്യയിലെ സ്വദേശിവത്കരണം കൊണ്ട് മാത്രം ഒട്ടനവധി പ്രവാസി മലയാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്ന് ഔദ്യോഗിക റിപ്പോർട്ടുകൾ ഒന്നും ലഭിച്ചിട്ടില്ല. കൂടാതെ ഇക്കാരണം കൊണ്ട് മാത്രം മടങ്ങിയെത്തിയതോ എത്താൻ സാധ്യതയുള്ളതോ ആയ പ്രവാസി മലയാളികളുടെ സ്ഥിതിവിവരക്കണക്കുകളും ലഭ്യമല്ലാത്തതിനാൽ ഈ |

| | |
|---|---|
| (ഡി)തൊഴിൽ നഷ്ടമാകുകവഴി കേരളത്തിലെ എത്ര കുടുംബങ്ങളെ ആയത് ബാധിക്കും ; വിശദമാക്കാമോ ;<br><br>(ഇ)ആയത് കേരളത്തിന്റെ സമ്പദ്ഘടനയെ എങ്ങനെ ബാധിക്കുമെന്ന് വിശദീകരിക്കുമോ; | പ്രശ്നം കേരളത്തിലെ എത്ര കുടുംബങ്ങളെ ബാധിക്കുമെന്നോ കേരളത്തിലെ സമ്പദ്ഘടനയെ എങ്ങനെ ബാധിക്കുമെന്നോ ഉള്ള സമഗ്ര വിവരം ഇപ്പോൾ ലഭ്യമല്ല. |
| (എഫ്) പ്രതിസന്ധി മറികടക്കാൻ സംസ്ഥാന - കേന്ദ്ര സർക്കാരുകൾ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ? | (എഫ്) സൗദി അറേബ്യയിലെ തൊഴിൽ മേഖലയിൽ സ്വദേശി വത്ക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി നിതാഖാത്ത് സമ്പ്രദായം ശക്തമാക്കിയതിനെത്തുടർന്ന് പ്രവാസി ഇന്ത്യാക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടാതിരിക്കുവാൻ നയതന്ത്രതലത്തിൽ ചർച്ചകൾ നടത്തി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.ഇതിനു പുറമേ യാത്രാ രേഖകളില്ലാത്ത, നാട്ടിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്ന കേരളീയർക്ക് അവരുടെ ഐഡന്റിറ്റി തെളിയിക്കുന്നതിലേയ്ക്കായി ഇത്തരത്തിൽ എംബസ്സിയിൽ അപേക്ഷിച്ചവരുടെ വിലാസം പരിശോധിച്ച് എല്ലാ കളക്ടർമാരും 24 മണിക്കൂറിനകം ആവശ്യമായ പരിശോധനകൾ നടത്തി അവരെ തിരിച്ചറിഞ്ഞ് വ്യക്തിയെ സാക്ഷ്യപ്പെടുത്തി എംബസ്സിക്ക് മറുപടി നൽകുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും സർക്കാർ നൽശിയിട്ടുണ്ട്. ഇതിനായി ഇതിനകം മലപ്പുറം, കോഴിക്കോട്, തൃശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലാ കളക്ട്രേറ്റുകളിൽ പ്രത്യേക സെൽ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടു ണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എംബസ്സി നൽ കുന്ന എമർജൻസി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ഇവർക്ക് നാട്ടിലേക്ക് മടങ്ങാവുന്നതാണ്. ഇതിനു പുറമേ സൗദി അറേബ്യയിൽ നിന്നും തിരികെയെത്തുന്ന പ്രവാസി കേരളീയരെ സഹായിക്കുന്നതിനായി മൂന്നു വിമാനത്താവളങ്ങളിലും നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ ഹെൽപ് ഡെസ്ക്കുകൾ പ്രവർത്തനം ആരംഭിച്ചു. മാത്രവുമല്ല നോർക്ക-റൂട്ട്സ് |

ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ പൊതുമാപ്പ് നൽകുകയോ കൂടുതൽ സാവകാശം നൽകാനോ ആവശ്യപ്പെടണമെന്ന് പ്രധാനമന്ത്രി, വിദേശകാര്യമന്ത്രി, പ്രവാസികാര്യമന്ത്രി എന്നിവരെ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നേരിട്ട് കണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. മടങ്ങിയെത്തുന്ന പ്രവാസികൾക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി ആവിഷ്കരിക്കുന്നതിന് ഒരു ക്യാബിനറ്റ് സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ ഇ - മെയിൽ വഴി ബന്ധപ്പെടുന്നതിന് ഒരു പ്രത്യേക ഐ. ഡി."nitaqat2013@norkaroots.net"യും ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ